കൂടുതൽ പ്രോത്സാഹിപ്പിക്കുവാൻ നടപടി എടുത്തുവരുന്നു. റോഡുകൾ റബ്ബറൈസ് ചെയ്യുന്നതിനുള്ള രൂപരേഖയും തയ്യാറായിക്കഴിഞ്ഞിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്.

(ഡി) ആവശ്യപ്പെട്ടിട്ടുണ്ട്.

വ്യവസായ വാണിജ്യ വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടറുടെ ഒഴിവ്

4 (1341)ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വാണിജ്യ വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടറുടെ ഒഴിവിലേക്ക് 8.6.1993നു ശേഷം നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) വ്യവസായ വാണിജ്യ വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടറുടെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഒഴിവുകൾ എത്ര;

(സി) പ്രസ്തുത ഒഴിവുകളിലേക്ക് 28.10.1999-ൽ 94 ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി റാങ്ക് ലിസ്റ്റ് പരസ്യപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഡിപ്പാർട്ടുമെന്റിലെ സാങ്കേതിക മാനേജ്മെന്റ് വിദഗ്ദ്ധരുടെ കുറവ് പരിഹരിക്കുന്നതിനായി പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും കൂടുതൽ ഉദ്യോഗാർത്ഥികളെ നിയമിക്കുവാൻ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) 8.6.1993-നു ശേഷം നിയമനം നടത്തിയിട്ടില്ല.

(ബി) രണ്ട് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഇപ്പോൾ ഇങ്ങനെയൊരു നിർദ്ദേശം പരിഗണനയിലില്ല.

"ടി.ടി.പി.യിൽ നിന്നുള്ള മാലിന്യങ്ങൾമൂലം രോഗം"

5 (1343)ശ്രീ. ജി. കാർത്തികേയൻ :

ശ്രീ. പാലോട് രവി :

ശ്രീ. തമ്പാനൂർ രവി :

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിൽ നിന്നുള്ള മലിനജലവും വിഷപ്പുകയുംമൂലം സ്ഥലവാസികൾക്ക് എന്തെല്ലാംവിധത്തിലുള്ള രോഗം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്;

(ബി) ഇതിനു പരിഹാരമായി ടി.ടി.പി. തദ്ദേശീയർക്ക് എന്തെങ്കിലും സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

LIBRARY ARCHIVES Kerala Legislative Assembly